മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 29.04.2023

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ

സർക്കുലർ

വിഷയം: **ടെസ്റ്റ് ഓഡിറ്റ് പൂർത്തീകരണം** - സംബന്ധിച്ച്

ടെസ്റ്റ് ഓഡിറ്റ് പ്രവർത്തനങ്ങൾ മിക്ക ജില്ലകളിലും യഥാസമയം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഏപ്രിൽ മാസം ടെസ്റ്റ് ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയില്ലായെന്ന് ജില്ലാ റിസോഴ്സ് പേഴ്സൺമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഏപ്രിൽ അവസാനം ടെസ്റ്റ് ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്ത പഞ്ചായത്തുകളിൽ മെയ് ആദ്യവാരത്തിൽ ടെസ്റ്റ് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് കഴിയേണ്ടതുണ്ട്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ മെയ് ആദ്യം ആരംഭിക്കുന്ന റെഗുലർ സോഷ്യൽ ഓഡിറ്റ് നടക്കുന്ന ഒരു ബ്ലോക്കിലെ ഒന്നോ രണ്ടോ ഗ്രാമപഞ്ചായത്തുകളിലെ എൻട്രി മീറ്റിംഗ് സംഘടിപ്പിക്കുന്ന ഒന്നോ രണ്ടോ ദിവസങ്ങൾ ടെസ്റ്റ് ഓഡിറ്റിൽ നിന്നും വിട്ടുനിൽക്കുക. ബാക്കി ദിവസങ്ങൾ ഈ മാസവും മെയ് ആദ്യആഴ്ചയും ടെസ്റ്റ് ഓഡിറ്റിനായി പൂർണ്ണമായും വിനിയോഗിക്കുകയും ടെസ്റ്റ് ഓഡിറ്റ് ഉയർന്ന ഉത്തരവാദിത്വത്തോടെ പൂർത്തിയാക്കുകയും വേണം.

മെയ് ആദ്യം മുതൽ ആരംഭിക്കുന്ന റെഗുലർ സോഷ്യൽ ഓഡിറ്റിൽ ഒരു പഞ്ചായത്തിലെ മുഴുവൻ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെയും ഫയൽ പരിശോധന പൂർത്തിയാക്കി ഫയൽ പരിശോധന സംബന്ധിച്ച കണ്ടെത്തലുകൾ രേഖപ്പെടുത്തി റിപ്പോർട്ട് പഞ്ചായത്തിന് നൽകിയതിന് ശേഷം മാത്രമേ ഫീൽഡ് പരിശോധന ആരംഭിക്കാവൂ എന്നകാര്യം ആവർത്തിച്ച് വ്യക്തമാക്കുന്നു. ഏതാനും വാർഡുകളുടെ ഫയലുകൾ നോക്കി തുടർന്ന് പ്രസ്തുത വാർഡുകളുടെ ഫീൽഡ് പരിശോധന എന്ന നിലപാട് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരുപഞ്ചായത്തിലെ മുഴുവൻ ഫയലുകളും നാല്, അഞ്ച് വില്ലേജ് റിസോഴ്സ് പേഴ്സൺമാരും ബി.ആർ.പിയും ഒരുടീമായി ഫയൽ പരിശോധന പൂർത്തീയാക്കേണ്ടതാണ്. ഫയൽ പരിശോധന റിപ്പോർട്ടിന്റെ കോപ്പി സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് അയച്ചുതരേണ്ടതുമാണ്.

സമയബന്ധിതമായി ടെസ്റ്റ് ഓഡിറ്റ് പൂർത്തിയാക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായി റെഗുലർ സോഷ്യൽ ഓഡിറ്റ് തുടർന്നുള്ള കാലചക്രത്തിൽ നടപ്പാക്കുന്നതിനും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി: 1. എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും